(ഡി) എത്ര സ്ത്രീപീഡനകേസ്സുകൾ, ബലാൽസംഗം എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 54 സംഭവങ്ങൾ

(ബി)	കവർച്ച	-	1163
	ഭവനഭേദനം	-	13653
	മോഷണം	-	17788
(സി)	കൊലപാതകം	-	1762
	രാഷ്ട്രീയ സംഘട്ടനങ്ങൾ	-	3750
(ഡി)	സ്ത്രീപീഡനകേസുകൾ	-	21235
	ബലാൽസംഗം	-	1966

സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

50 (53) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് എത്ര ഉദ്യോഗസ്ഥന്മാരെ ഓരോ വർഷവും സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേരേ സർവ്വീസിൽ തിരികെ പ്രവേശിച്ചു ;

(സി) ഇവരെ തിരികെ പ്രവേശിപ്പിക്കുന്നതിനു മുമ്പ് കുറ്റവിചാരണ നടപടികൾ പൂർത്തീകരിച്ചിരുന്നോ ;

(ഡി) വിചാരണ നടപടികൾ പൂർത്തീകരിക്കാതെ ആരെങ്കിലും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരെയെല്ലാം ;

(എഫ്) നടപടികൾ പൂർത്തീകരിക്കാത്ത എത്രപേരെ തിരികെ പ്രവേശിപ്പിക്കാനുണ്ട് ;

(ജി) ഇവർ എത്രകാലമായി സസ്പെൻഷനിൽ കഴിയുന്നു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഡിപ്പാർട്ടുമെന്നിൽ നിന്ന് സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥരുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1996 (20-5-1996 മുതൽ)-		371
1997	-	509
1998	-	459
1999	-	463
2000	-	182

(ബി) 1699 പേരെ

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) 1308 പേരെ വിചാരണ നടപടികൾ പൂർത്തീകരികാതെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

(എഫ്) 251 പേരെ

(ജി) ഇവർ വിവിധ കാലഘട്ടങ്ങളിലായി സസ്പെൻഷനിൽ കഴിയുന്നു.

പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

51 (54) ശ്രീ. കെ. പി.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ നെടുപുഴയിൽ പോലീസ് സ്റ്റേഷൻ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പുതുതായി പോലീസ് സ്റ്റേഷൻ പണിയുന്നതിനു എത്ര സംഖ്യ ചിലവായി ;

(സി) പുതുതായി പോലീസ് സ്റ്റേഷൻ പണി പൂർത്തിയായിട്ടും മാറ്റി സ്ഥാപിക്കുവാൻ വൈകുന്നതിന്റെ കാരണമെന്താണ് ;

(ഡി) ഇവിടെ ഗവൺമെന്റിന് എത്ര സ്ഥലം സ്വന്തമായി ഉണ്ട്; ഈ സ്ഥലത്ത് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) അന്തിക്കാട് പോലീസ് സ്റ്റേഷനു കീഴിലുള്ള പെരിങ്ങോട്ടുകര ഔട്ട് പോസ്റ്റ് (ഒ.പി) പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങൾ ഇതിന്റെ കീഴിൽ വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) 4 ലക്ഷം രൂപ ചിലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly